# കലിയുഗാവസ്ഥ

ഓട്ടംതുള്ളൽ

ഒന്നാംഭാഗം

പ്രസാധകൻ

നാരായണപിള്ള - പൂജപ്പുര

"ശ്രീമൂലരാജവിലാസം" പ്രസ്സ്

തിരുവനന്തപുരം

---

(കാപ്പി ൧൦൦൦)

൧൦൮൭

---

## Notificati

In modification of the notification publi
14th March, 1905 the following revised lis
passport stations are published for general inf

A.—PLAGUE-INFECT

*I.—In the Madras*

| District. | Taluk. | Village or town. | Dis |
|---|---|---|---|
| Anantapur | Anantapur ... | Bukkarayasamudram.<br>Katiganikalva.<br>Maruru.<br>Siddarampuram. | |
| | Gooty ... | Amidyala.<br>Donikallu.<br>*Gooty.*<br>Lattavaram.<br>*Pamidi.*<br>Sheik Sanipalli. | |
| | Hindupur ... | Benhagumpalli.<br>Bicchenaganapalli.<br>Chagalem.<br>Chilamattur.<br>Demaketiapalli.<br>*Hindupur.*<br>Kanchisamudram.<br>Koduru.<br>Lapakshi.<br>Parigi.<br>Utukuru.<br>Vittapalli. | |

ശ്രീ

# അവതാരിക

അല്ലയൊ മാന്യസഹോദരങ്ങളെ!

ഈ കലികാലത്തിൽ നടന്നു വരുന്നതും പലൎക്കും ദൃഷ്ടിഗോചരമായും അനുഭവസിദ്ധമായും ഉള്ള സംഗതികളിൽ എന്റെ അറിവിൽപെട്ട ഏതാനം ചില ചില്ലറ സംഗതികളെ ഞാൻ ഓട്ടംതുള്ളലായി ഒരു ബുക്കിൽ എഴുതിയിരുന്നതിനെ എന്റെസ്നേഹിതന്മാരായ ചില ആളുകൾ കാണുന്നതിനിടവരികയും ഇതിനെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തണമെന്നു പലരും പലപ്പോഴും എന്നെ നിർബന്ധിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തിട്ടുള്ളതും നാലുതമ്പ്ദൈവം എന്നതിനെ അടിസ്ഥാനമാക്കി തല്ക്കാലം ഞാൻ ഇതിലേക്കു ഉദ്യുക്തനാകയും ചെയ്തിട്ടുള്ളതാണ് അല്ലാതെ ഒരു കവിയാകണമെന്നുള്ള നാട്യത്തിന്മേലൊ ഉദ്ദ്യേശ്യത്തിലൊ അന്തർഭവിച്ചിട്ടല്ലാ എന്റെ ഉദ്യമം എന്നുള്ള പരമാൎത്ഥം മാന്യജനങ്ങൾ വിശ്വസിക്കുന്നപക്ഷം എന്റെ ഉൾസാഹ

യത്നങ്ങൾ കാലഹരണ പ്രായങ്ങളല്ലെന്നു വി ചാരിച്ചു സന്തോഷിക്കുന്നതാണു്.

എന്നു ഗ്രന്ഥകർത്താ

കൊട്ടത്തേങ്ങകൾ ചുട്ടതിന്നടിനവ്യാമോ
ഷ്പൂരക്കളെ തേടുവാൻ
കട്ടച്ചൂളിലിരുന്ന ചോവ സവിധെ ചെ
ട്ടെന്ന ചെണ്ടിട്ടുടൻ
ചുട്ടിട്ടുള്ളൊരു തേങ്ങവാങ്ങു വതിന്നായൊ
ട്ടൊട്ടു തുമ്പിക്കരം
നീട്ടിക്കാട്ടിയ കുട്ടിയാനമുഖവൻ നൽകട്ടെ
മെ ഭവ്യകം

ഇക്കാണുന്ന ചരാചരങ്ങളെമുദാ സൃഷ്ടിച്ചു
വിട്ടീടുമ
ച്ചൊല്ലുള്ളൊരു നാന്മുഖന്റെസുത
യെന്നും കാന്തയെന്നും പരം
തക്കത്തിന്നിട യാകിടുന്ന കളവാണീ വാ
ണീ നീയെന്നുടെ
ഉൾക്കാമ്പിൽ കുടികൊള്ളുവാൻ തവപദ
ദ്വന്ദ്വം നമിക്കുന്ന ഞാൻ

---

# കലിയുഗാവസ്ഥ

## ഓട്ടംതുള്ളൽ

---

സരസിജശരവൈരി കൺമൂന്നയാൾപ - ണ്ടെരി
ചെയ്തീടിന മുരരിപു ഭഗവാൻ * കരിവടിവായ്
ഗിരി സുതയോടു മോരോ ഗിരികളിലതി രസ
മൊടു മരുവുന്നാൾ * സരസിജബാണ ശരാർത്തി
കൾതന്നുടെ കരളതിലേററ സഹിക്കാഞ്ഞംഗ
ജ * വിരുതുകളുരുതര രസമൊടു ചെയ്തുള വരവ
യർമണി ഹിമഗിരിനന്ദനത * സാദരമതിന്നുജ
നിച്ചൊരു ഭഗവാൻ ദുരിതമശേഷമകററിക്കവി
തയിൽ * വരുമൊരു വിഘ്നമതെല്ലാം മാററിക്ക
രളിൽ കരുണയൊടെന്നെപ്പോററി * ട്ടുരികടെന
ട്ടവതിതിൽ നിന്നുകരേററി പരമസുഖം തരുവതി
നങ്ങിതൊഴുതേൻ ഞാൻ * വാരിജഭവമുഖ വാരിജ
വാസിനി ഭാരതിയെന്നുടെ ഭാരതിയിന്മേൽ * ശാ
രദചന്ദ്രപ്രഭയൊടു നിയതം ഭൂരിസുഖാലധി വാ
സംചെയ്തു * വാരിധിയിൽ തിരമാല കണക്ക
ന്ന ഗീരുകളുള്ളിലുദിപ്പിക്കേണം * ബാലനതാ
മെൻ കവിതയിതൊട്ടും ചേലില്ലാതെ ഭവിച്ചാ

ല്യംചെറു * ബാലകലിമലയതിങ്കൽ പിഴയാ കാ
ല്യകൾവെച്ചാൽ മാതുലനാമിക * ളോല്യംമോദ
മിയന്നിട്ട മതുപോൽ ലോലുപവരരാം മാലോ
കൎക്കു മൂലമെന്നിലുദിച്ചീടേണം

സ്രഷ്ടാവാദി പിപീലികാന്തമുളവെ ഹൃ
ത്തട്ടു പൊട്ടിക്കവാൻ
മൊട്ടന്യം കരതാരിലേന്തി രതിയോടെ
നിച്ചു സന്തുഷ്ടനായ്
പൊട്ടെന്നീയുലകിങ്കലെങ്ങു മൊരുപോൽ
വാഴുന്നദേവൻ കനി
ഞ്ഞോട്ടം തുള്ളലുരയ്ക്കുവാനടിയനും കൂട്ടാ
യിവ.നീടണം

കാലംകലിയുഗ മായതുകൊണ്ടിഹ കാമി
നിസംഗമമേറെയെല്ലപ്പം * നാരികൾപുരുഷ
രിലധികപ്പെട്ടതു കാരണമിങ്ങനെ വന്നുഭവിച്ചു
നരികൾ ചെയ്യ്‌വോരു കാട്ടുകളിൽ പലനാരിക
ളും ശയനങ്ങൾ തുടങ്ങി * നാടെന്നാംവീടെന്നും
ഖല്യതാം കാടെന്നും കുടിലെന്നതുമില്ല * രാവെ
ന്നും പകലെന്നും ജാതിയിലാരെന്നും തരമേതെ
ന്നില്ലാ * കരിവരരൂപം കണ്ടൊരുകേസരി വര
അണ്ടോകം മദമെന്നതുപോലെ * പുരുഷശരീരം

കണ്ടെന്നാകിൽ തരുണികൾ വിടുമെന്നോ കേൾ
ക്കാരും * കയ്യൂന്നൊരു കണിയെങ്കിലുമതിനെ
മുക്കുടനൊന്നു കൂടിച്ചേൎന്നു * കാന്തമിരുമ്പി
നെയെന്നകണക്കിനു പാന്ഥന്മാരെ പിടികൂടിട്ടു
സ്വാന്തജതാപ സമാപ്തിവരുത്തും പൂന്തെരുവാ
ണിതിലേക്കപ്രധാനം * ബന്ധുര ഗാത്രികളാം
ചിലതരുണികൾ സന്ധ്യാസമയമടുക്കുന്നളവി
ൽ * ദന്തവിശുദ്ധി വരുത്തിപ്പുരികെചൊട്ടു കുന്തള
മതിഭംഗ്യാബന്ധിച്ചു * ചന്തമതായ് കുസുമങ്ങ
ളണിഞ്ഞും ചാന്തുകൾ ചന്ദന മിവയാൽ തില
സം * സന്ധിപ്പിച്ചതി സന്തോഷത്തൊടു ചെ
ന്താർശരവശരായ് തങ്ങടെ * സ്വാന്തത്തിൽ പ
ര പുരുഷന്മാരെ ചിന്തിക്കാതൊരു ദിവസവുമി
ല്ലാ * എട്ടുപത്തും വയസ്സുകൾ ചെന്നൊരു കു
ട്ടികളും പുതുമട്ടിലൊരുങ്ങി * മുട്ടലർബാണവി
നോദമതിന്നതി ശ്രേഷ്ഠതയേകു മെന്നിക്കെന്നു
ള്ളോരു * നാദ്ധ്യമൊടങ്ങു ഗമിപ്പതുകണ്ടാൽ
ഞെട്ടും കാമനുമെന്നേ വേണ്ടു * സൃഷ്ടാവിൻവി
ധിയോയിതുപാൎത്താൽ മൊട്ടവന്മാടെ ചേഷ്ടിത
മാണോ * പാട്ടുകളെന്തിനു പറയുന്നെന്നുടെ
പാട്ടിനിരിക്കാതയ്യോശിവശിവ * കാട്ടാനയ്ക്കു
തി ബലമുണ്ടെന്നാൽ വേട്ടുവവെള്ളിയ നൊടെന്തു
ഫലിപ്പു * അപ്പാകിഴിപ്പാനൊരുവകയില്ലാ ഷം

ഷ്ടിമുഹൂർത്തികഴിഞ്ഞെത്തുമല്ലൊ * കുട്ടികളെഴെട്ടുണ്ട
തിനാലൊരു യഷ്ടിയുമൂന്നിയിരുന്നൊരു കിഴിയും
കെട്ടിത്തലയിൽ വഹിച്ചും കൊണ്ടുട നൊട്ടുനട
ന്നാമിരുന്നാംവെയിലിൽ * കഷ്ടപ്പെട്ടുവരും നര
ന്നെ കൈകാട്ടിവിളിച്ചു വളാഹാരത്തിനു * കി
ട്ടുംവല്ലതുമെന്നു നിണച്ചഥ വീട്ടിനകത്തു കടന്ന
ശേഷം * ആട്ടിൻകുട്ടി ഭുജിപ്പാൻകിട്ടിയ ക്രോ
ഷ്ടാവെന്ന കണക്കൊരുനാരി * പെട്ടന്നവനെ
പിടികൂടിച്ചില മട്ടുകൾകാട്ടി മയക്കിക്കിഴിയും
തട്ടിച്ചവനെ കതകിനുവെളിയിൽ പട്ടിയെയെ
ന്നകണക്കിനു വിട്ടതുകഷ്ടം ശിവശിവ യെന്തു
ചെയ്വൂ * ദുഷ്ടന്മാരുടെധന മതശേഷം നഷ്ട
തവരുവതിനായിഹ ബ്രഹ്മാ * സൃഷ്ടിച്ചിതുചൂതും
മദ്യവുംപല മട്ടുനടിക്കും വേശ്യകളേയും
പൊട്ടനായതിലമ്പലകളുടെകൺ വെട്ടിൽമയ
ങ്ങി വിഴുന്നജനങ്ങടെ * തിട്ടംപാരവാ നഹികല
നാഥന്നും ഒട്ടുകുഴഞ്ഞു മതിയാവുള്ളു * തട്ടിപ്പെ
ന്നൊരുവിദ്യ വധുന്നാം സൃഷ്ടയിലുണ്ടാകുന്നതു
തന്നെ * അഷ്ടിക്കും ഗതിയില്ലാത്തവരും പെട്ടി
കൾചിലർ മൺവെട്ടികൾവിറ്റും * കിട്ടുന്നതു
മതിയാകാഞ്ഞതിനാൽ കട്ടുംപരധന മതിനാ
ൽജയിലിൽ * പെട്ടും മുട്ടുകടിച്ചു ക്രമിച്ചും ക
ഷ്ടംകമനികൾമൂലംകാമികൾ പെട്ടിടും പാരെ

ന്നുരചെയ്പ്പു * കല്ഗ്ഗുരുവും ഭരദേവതയും ചി
ലർ കലടകളെന്നു നിനച്ചീടുന്നു * കലിയുടെ
മതമൊ,തൊലിയുടെ തെള്ളിഴവൊ തലയിലെ വ
രയൊ വലയുടെബലമൊ * ഉടുത്തുണിപോലും
പണയംവെച്ചും മറയന്മാർ ചിലരേകീടുന്നു *കു
ട്ടിത്തരുണന്മാരതി രസികക്കുട്ടന്മാരായ് സ്കൂളി
ൽപോവാൻ * കോട്ടുകൾ ഷർട്ടുകൾ വാച്ചുക
ളും ചിലർ ബൂട്സുകൾ ബെൽറ്റു കളെന്നിവ
യിട്ടും * പെട്ടെന്നങ്ങു ഗമിക്കുമ്പോൾ ചില പെ
ട്ടുകളും ഒസമട്ടിലൊരുങ്ങി * ക്കാട്ടുംഗോഷ്ഠികൾ
കണ്ടുമയങ്ങി മൊട്ടമ്പന്റെ ശരത്താൽപൊങ്ങി
മായയിൽമുങ്ങി മനസ്സുകൾവിങ്ങി മദനക്രീഡ
നിനച്ചുകഴങ്ങി * കൂട്ടരെയൊക്കെ മറന്നുതുടങ്ങി
മട്ടോലുംമൊഴി മാരോടിണങ്ങി * വ്രീളയകന്നു
സ്കൂളുമറന്നു ഹാളുതുറന്നു കേളിതുടർന്നു * കോ
ട്ടുകളോടു ഷർട്ടുകൾവിററു ബൂട്സുകളോടു ബു
ക്കുകൾവിററു * വാച്ചുകൾവിററു ബെൽറ്റുക
ൾവിററു മോതിരമോടരഞ്ഞാൺവിററു * കാ
തിലിട്ടൊന്നൊരു കുന്തംവിററു എള്ളുംമതിയായില്ല
തുകൊണ്ടും * ഭൂഷണജാലമശേഷമൊടുങ്ങി
യോഷാമണികൾ വെടിഞ്ഞുതുടങ്ങി * മധുവ
ല്ലാതൊരു കുസുമംകൊണ്ടളി നാളിവൃന്ദത്തിനു
ഫലമെന്തുള്ളു * ഒട്ടല്പനബുദ്ധികുട്ടന്മാർതൻ വീ

ട്ടിലുമുള്ള ജനത്തെ വെടിഞ്ഞും * കൂട്ടരെവിട്ടുപ
രിഞ്ഞും രാപകൽ റോഡിൽനടന്നു കരഞ്ഞും
കാണ്മതു തട്ടിപ്പിന്റെ വിശേഷതയല്ലെ.

ഇത്ഥമനർത്ഥമനേകജനങ്ങൾക്കെത്തിയതെ
ന്നതറിഞ്ഞൊരുനാളിൽ * ഉത്തമബാലപ്പുരു
ഷന്മാർ ചില രൊത്തുനിനച്ചു പറഞ്ഞാരിങ്ങ
നെ * കനകംമൂലം കാമിനിമൂലം കലഹാപ
ലവിധമെന്നതുസത്യം * കലഹാന്തങ്ങളുമുണ്ടാ
യനവധി ഫലമെന്നുള്ളിതു കൊണ്ടുനമുക്ക * ജാ
രകളാകിയ നാരികളോടിഹ മാരക്രീഡനമു
ക്കിനിവേണ്ടാ * സ്ത്രീകളാകം തരുണീജന
ത്തെ കണ്ടാല്പ്പോലുമെമിണ്ടരുതാരും * തണ്ടാർശ
രപരിതാപമൊഴിപ്പാൻ കണ്ടുപിടിക്കണമിനി
യൊരുപായം * മിണ്ടാതിങ്ങനെ വാഴുകിൽ മേ
ലിലുമുണ്ടാക്കിടുമനർത്ഥം തരുണികൾ * വേ
ണ്ടതിനിയെന്തെന്നതുകേട്ടഥ തണ്ടാർശരസമ
നൊരുവൻ ചൊന്നാൻ * കണ്ടുപിടിപ്പാനെന്നു
ള്ള തിരസമുണ്ടി വേലാ * ത
ണ്ടാർശരനാൽ താഴിഞ്ഞാൽ രതിയെക്കൊണ്ടാക്കി
ച്ചുഗമിക്ക പെണ്ടേയുള്ള മലനൂകൾ
ക്കിതു കണ്ടുപിടിപ്പാനറിവുണ്ടായൊ * സുന്ദ
രിമാരുടെ സംഗമമതിലും.... എന്നുപറഞ്ഞുപി
രിഞ്ഞവൻ തങ്ങളിലസമുതല്ലിമന്നിലശേഷം

മാന്യന്മാരായുള്ളവരാരും കന്യകമാരെയുമാശ്രി
ക്കില്ലാ * തരുണീജനങ്ങടെ ചിറിയും ചിരിയും
തരമൊത്തുള്ളൊരു തലയും മുലയും * സരസിജ
ശരങ്ങളുലയും നീലയും സരസിജദളമതുപൊ
ഴിയും മിഴിയും * ചേരികളാടുകണ്ട രസിപ്പാനാ
ളുക ളൊരുവരുമില്ല ധരിത്രിയിലോൎത്താൽ * കൂ
ട്ടുകളെത്തരട കളികാൎമ്മാരെന്നൊരു കൂട്ടക്കാരരുമില്ലെ
ന്നാകിൽ * സാദ്ധ്യം രസമാസ്വദിക്കിലുമല്ല ഗോ
ഷ്ഠികണക്കഭവിക്കേയുള്ളു

## മട്ടമാറി

ഇങ്ങനെയൊട്ടുനാൾ ചെന്നൊരനന്തരമംഗ
ജതാപം സഹിക്കാഞ്ഞു നാരിമാർ * തങ്ങളി
ൽ തങ്ങളിൽ ചൊല്ലിനാരെന്തെടൊ ചങ്ങാതി
മാരെ പുമാന്മാരൊരുത്തരും * സംഗത്തിനായ്വ
രുന്നീലാ നമുക്കെന്തു ഭംഗം ഭവിച്ചതിക്കാലത്തി
ലൊക്കവിൻ * ശൃംഗാരയോനി തന്നസ്ത്രമേററാ
ലി വരെങ്ങിനെ ശാന്തിവരുത്തുന്ന ദൈവമെ
മൊട്ടമ്പനിന്നവക്കിപ്പൊന്നല്ലായ്കിലീ മട്ടിൽനമ്മെ
പിരിഞ്ഞിട്ടു വാണിട്ടുമൊ * കാമസന്താപം സ
ഹിപ്പതിന്നൊക്കില്ലൊ മാമുനീന്ദ്രന്മാൎക്കു മാവത
ല്ലെതുമെ * നാരിമാരായുള്ള നാമെന്തു നാളിനി
മാരതാപം സഹിച്ചിങ്ങു വാഴുന്നഹൊ * പാരി
ൽതരുണിമാരായ് പിറന്നിടിലൊ ജാരസംഗം
വേണമെന്നു വേദോക്തിയും * സാരസമില്ലാത്ത

വാരിപൂരങ്ങളും ജാരനില്ലാതുള്ള നാരിമാരുംസ
മം * വാരിജസംഭവൻ തന്നോടു ചൊന്നിതി കാ
ര്യങ്ങളെല്ലാമുണൎത്തിക്ക നാമെന്നു * വാരിജലോ
ചന മാരൊരുമിച്ചുടൻ പാരാതെ സത്യലോക
ത്തിങ്കലെത്തിനാർ * സാരമായുള്ളൊരു വാക്യ
ങ്ങളെക്കൊണ്ടു വാരിജസംഭവൻ തന്നെ സ്തുതി
ച്ചിതു

നാകേശാദ്യമരൌഘവന്ദിതവിഭൊ നാദാ
ന്ത വേദ ജ്ഞതൊ
വാഗീശാ രമണാ വിരിഞ്ച കരുണാ വാരാ
ന്നിധെ ശ്രീനിധെ
ലോകേശാ പ്രണതാൎത്തി ഭഞ്ജന സുരജ്യേ
ഷ്ഠാസതാം മോക്ഷദാ
ശോകാരണ്യധനഞ്ജയാ സൽഗുണ കല്യാണാ
ലയാ വന്ദനം

ഇത്തരം നാരീജനത്തിന്റെ വാക്കുക ളത്ത
ലോടും കേട്ടു സത്വരം ദ്രുവമനം * പ്രത്യക്ഷ
നായത്ര വന്നു നിന്നിത്തരം ചിത്തസമ്മോദേ
ന ചൊല്ലിനാൻ മെല്ലവെ * സരസിജദളസദൃ
ശമിഴിമാർ നിങ്ങളെന്തിവിടെ വരുവതിന്നു കാ
രണം ത്വരിതമരുളീടുവിൻ * തരുണിജനമഖി
ലമടിപണിയുന്നിതിങ്ങടെ ഉരസിജമുഖംശോഭ

യില്ലാത്തതെന്തെടൊ * വിരവിനൊടുപറകധ
രമാനനാംബുജങ്ങളും വീതിഹോത്രജ്വാലയേററ
പോൽകാണുന്നു * ധരണീതല മഖിലമെരിക്കെ
യേല്ലാധനങ്ങളെയുൻനാരിമാരെന്നിങ്ങൾപോരുവാ
നെന്തെടൊ * ഇതിവിവിധമഥവിധാതാഗിരം
കേട്ടുടൻ മതിമുഖികളുത്തിയോടിത്തരം ചൊ
ല്ലിനാർ * രതിയുടയപതിരുഷിതമതിനിശിത
ശസ്ത്രങ്ങൾ രാമമാരെത്തൊടിട്ടല്ലാററമെയ്തീടുന്നു.
പുരുഷജന മതിന നിശ മിഹമദനതാപങ്ങൾ
പൂജ്യമെന്നാസ്സന്നകാരണംഞങ്ങളി നാവശതര
ഗാത്രരായ് തീൻമാരാർത്തിയാ ആകുലംതീർത്തുര
ക്ഷിക്കണ്ണേഞങ്ങളെ * ത്തരുണിമാരുടെവചനമി
ങ്ങനെകേട്ടുസരസിജസംഭവൻ കരളിലുരുതര
കൃപയൊടുംതരുണിജനത്തൊടുചൊല്ലിനാർ * ഉ
രഗകുലവരശയനനെകാണ്മതിനനന്തപുരത്തു
ഞാൻ വരുമൊരുത്സവദിവസിനിങ്ങളുമവിടെ
വന്നൊരുമിക്കണം * പുരുഷജനമനവധിവരും
പുനരവരൊടിക്കഥ യൊക്കഞാൻ അരുളിയവ
രൊട്ടുപുണരുവതിനൊരു തരവുമനവുരത്തിടാം
അരുളു സംശയമരുതുപോകുവിനരുളു പരിഭവ
മൊട്ടുമെന്നരുളിയവിടെമറഞ്ഞുവിധി അതിക
തുകമൊട്ടുതരുണീകുലം * പരിചൊടങ്ങുഗമിച്ചു
തങ്ങടെപുരികൾപുക്കിനി യുത്സവംവരുവതെ
ന്നിനപ്പുമംഗജവിരുത്തുമോർത്തുവസിച്ചിതു * (അ
ഞ്ചാറുമാസങ്ങളിങ്ങനെ ചെന്നനാൾ വഞ്ചിക്ഷി
തീശൻവസിക്കുംപുരത്തിങ്കൽ അഞ്ചാതെയുത്സ
വമുണ്ടെന്നുകേൾക്കയാൽ നെഞ്ചാകുളുത്തിതുനാ
രികൾക്കേററവും * ഉത്സവംകാണ്മതിനായെല്ലാ
ങ്ങള പോകുവാനുത്സാഹ മോടുമൊരുങ്ങിതു

ങ്ങിനാർ * ദന്താവളേന്ദ്രന്റെ കന്ത
ഞെന്താടൊക്കുവാനൊത്തുന്ന പക്ഷോരുഹങ്ങളോളശി
ക്ഷിച്ചു പന്തും പാലൊപ്പിച്ചു പന്തിയാകിട്ടുടൻ
ചെന്താമരാക്ഷിമാർ ചിന്തിച്ചിതിങ്ങനെ * പൂരു
ഷന്മാരിതു കണ്ടാലുടൻതന്നെ മാരവികൃതിയെന്നാ
രുങ്ങീടും നിശ്ചയം പങ്കേരുഹക്കോരകമൊത്തുള്ള
നല്ലൊരു കൊങ്കദ്വയം കാണ്കിലേവനും നമ്മു
ടെ * കിങ്കരവൃത്തിക്ക ശങ്കിയാതെവരും മങ്ക
മാരിന്നഹോ വിചാരിച്ചു സത്വരം * കിന്നരിവെ
ച്ചുള്ള റൌക്കയും നല്ലൊരു പൊന്നിൻകസവി
നാൽ പിന്നിയ റൌക്കയും * ബട്ടൻസു വെച്ചുള്ളൊ
ന്നാവെച്ചുള്ളൊരു മുട്ടൻ റൌക്കകൾ കെട്ടിക്കുച
ങ്ങളെ * തട്ടിനിരത്തി പുതുപാവാടകൾ കെ
ട്ടിയുടനുള്ള ചമഞ്ഞുൽസവത്തിന്നു പെട്ടെന്നുപോ
വാൻതുനിഞ്ഞിതെല്ലാവരും * (ഒന്നാമുത്സവദി
വസം നാരികളൊന്നിച്ചിങ്ങനെ പോയിതുകാ
ണ്മാൻ * അന്നവിധാവിനെയന്വേഷിച്ചവർ
ചീനാർ പകുതി നിശീഥിനിയോളം * ഇന്നവ
രും നാന്മുഖനെന്നൊത്തവൾ എന്നാൽ പോകുന്നു
ത്സവദിവസിയി * ലെന്നിട്ടിതുവരെവന്നിട്ടില്ലി
ന്ന യെന്നവരുന്നൊന്നാക്കറിയാവൂ

ഏട്ടുംപൊട്ടു മറിഞ്ഞീടാത്ത മറയക്കൂട്ടർക്ക
പൊട്ടായ ഞാൻ
ചെട്ടിത്തീർത്താക്ക നൂതനകൃതിസ്വാതന്ത്ര്യമൊ?
ട്ടു രസിയാസ്സുലും
വെട്ടംദീപമതിന്ന തെല്ലുകുറവാസ്സുണ്ടൊന്നു
വന്നാലുടൻ
പൊട്ടിസ്സില്ല വിളക്കിനാണു കുറവെന്നോ
ർക്കുന്നമില്ലാരുമെ

*n Railway.*

Chavadipalaiyam.
Vayalpad.

*Railway.*

Coonoor.

*atta Railway.*

| | |
|---|---|
| ıahal. | Hagari. |
| ıhal. | Kudittini. |
| ur. | Daroji. |

s above mentioned should be required to

For the Dewan,
A. J. VIEYRA,
*Chief Secretary to Government.*